# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1966 — 13.06.2019 ൽ മറുപടിക്ക്

**കന്യാസ്ത്രീയെ പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്ന പരാതിയിൽ അന്വേഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മേയ് 9-ന് കെ.എസ്.ആർ.ടി.സി. ബസ്സിൽ കന്യാസ്ത്രീയെ പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്ന പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) തമ്പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.1313/2019 u/s 354 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) ഇത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. വിജിലൻസ് ഉദ്യോഗസ്ഥർ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ; | (ബി) കെ.എസ്.ആർ.ടി.സി. വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കുറ്റാരോപിതനെതിരെ KCS(CC&A) 1960 Rule 15 പ്രകാരം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റാരോപിതനായ ഡ്രൈവർ കം കണ്ടക്ടറെ അന്വേഷണ വിധേയമായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി യുടെ 13/05/2019 ലെ VLE4/15006/19 നമ്പർ ഉത്തരവു പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (സി) വനിതകൾക്ക് സുരക്ഷിതമായി യാത്രചെയ്യുവാനുള്ള സാഹചര്യം ഇല്ലാതായ അവസ്ഥ ഗൗരവമായി പരിഗണിച്ച് പരിഹാരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ഉറപ്പുവരുത്തുന്നതിന് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. പിങ്ക് പോലീസ് പട്രോൾ സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും (കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകൾ ഒഴികെ) ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കുവേണ്ടി സംസ്ഥാനത്ത് ആകെ 43 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ സുരക്ഷയ്ക്കായി പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മുഖേന സംസ്ഥാനത്ത് അടിയന്തര പോലീസ് സഹായം സ്ത്രീകൾക്ക് നൽകുവാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ